## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3530. 17.12.2015- ലെ മറുപടിയ്ക്ക്

## സ്പോർട്സ് ക്വാട്ട നിയമനം

**ചോദ്യം**
**ശ്രീ.റ്റി.വി.രാജേഷ്**

**ഉത്തരം**
**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

| | |
|---|---|
| **(എ)** 2010 മുതൽ ഓരോ വർഷവും 50 കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും 2010 മുതൽ എത്ര പേർക്ക് ഇതു പ്രകാരം ജോലി നല്കിയിട്ടുണ്ടെന്നും ഇല്ലെങ്കിൽ ജോലി നല്കുന്നതിനുള്ള തടസ്സമെന്താണെന്നും വിശദമാക്കുമോ; | **(എ)** ഉണ്ട്. സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള 249 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ട് 07.12.2015 ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| **(ബി)** കേരളത്തിൽ നടന്ന ദേശീയഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് ജോലി നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | **(ബി)** 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവർക്ക് പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശുപാർശ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. നിയമന നടപടികൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**